വാങ്ങുന്നതിനുള്ള ടെണ്ടറുകൾ സർക്കാർ പരിശോധിച്ചുവരുന്നു. ചോംപാലിൽ ഫിഷിംഗ് ഹാർബർ നിർമ്മിക്കുന്നതിനാവശ്യമായ സ്ഥലം പൊന്നുംവിലയ്ക്കെടുക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു. കൂടാതെ ടി പദ്ധതിയുടെ പ്രധാന ഘടകങ്ങളായ പുലിമുട്ട് നിർമ്മാണത്തിന് കരാറുകാരെ നിർണ്ണയിക്കുന്ന നടപടി സ്വീകരിച്ചുവരുന്നു.

(ബി) ഈ രണ്ട് തുറമുഖങ്ങൾക്കുംകൂടി മൊത്തം 1120 ലക്ഷം രൂപയാണ് മതിപ്പ് ചെലവ് കണക്കാക്കിയിരിക്കുന്നത്. ഇതിന്റെ 50 ശതമാനം കേന്ദ്ര വിഹിതമായി ലഭിക്കുന്നതാണ്.

## മത്സ്യ ബന്ധന തുറമുഖങ്ങളുടെ വികസന പദ്ധതി

145 [4340] ശ്രീ. ടി. കെ. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെല്ലാം മത്സ്യബന്ധന തുറമുഖങ്ങളുടെ വികസനത്തിനാണ് പദ്ധതി ആവിഷ്ക്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്ത് എവിടെയെല്ലാം ഫിഷ് ലാൻഡിംഗ് സെന്റർ പണി തുടങ്ങുവാനുദ്ദേശിക്കുന്നു;

(സി) ഈ ആവശ്യങ്ങൾക്കായി നടപ്പുവർഷം എന്തുതുക വകയിരുത്തിയിട്ടുണ്ട്?

### ഉത്തരം

(എ) പണി മിക്കവാറും പൂർത്തിയായ നീണ്ടകര, വിഴിഞ്ഞം ഒന്നും രണ്ടും ഘട്ടങ്ങളുടെ ബാക്കി പുതിയാപ്പ, തങ്കശ്ശേരി, മുനമ്പം, ചോംപാൽ, മാപ്പിളബേ എന്നീ മത്സ്യബന്ധന തുറമുഖങ്ങളുടെ വികസനത്തിനുമാണ് പദ്ധതി ആവിഷ്ക്കരിച്ചിട്ടുള്ളത്.

(ബി) നിർമ്മാണത്തിലിരിക്കുന്ന ചേററുവാ, പാലക്കോട്, ന്യൂമാഹി, ചാലിൽഗോപാലപേട്ട, അർത്തുങ്കൽ, കൊയിലാണ്ടി, വിഴിഞ്ഞം സൗത്ത് എന്നീ സെന്ററുകൾ കൂടാതെ കാർട്ടൂർ-പൊള്ളത്തായ, പുന്നപ്ര എന്നീ സ്ഥലങ്ങളിൽ ഫിഷ്ലാൻറിംഗ് സെന്ററുകൾ നിർമ്മിക്കുന്നതിനുവേണ്ടി പ്രോജക്ട് റിപ്പോർട്ടുകൾ കേന്ദ്രാനുമതിയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. കൂടാതെ തെക്കൻ പറവൂർ മുതലായ കൂടുതൽ സ്ഥലങ്ങളിൽ ഫിഷ് ലാൻറിംഗ് സെന്ററുകൾ നിർമ്മിക്കുന്ന കാര്യം പരിഗണിച്ചുവരുന്നു.

(സി) ഈ ആവശ്യങ്ങൾക്കായി നടപ്പുവർഷം 586 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

## മത്സ്യബന്ധനത്തിന് മണ്ണെണ്ണക്വാട്ട വർദ്ധിപ്പിക്കാൻ നടപടി

146 [4341] ശ്രീ. എം. ജെ. സക്കറിയ:
,, കല്ലടി മുഹമ്മദ്:
,, കെ. കെ. അബു:
,, ഇസ്ഹാക്ക് കുരിക്കൾ:
,, ചെർക്കളം അബ്ദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യബന്ധനത്തിനുപോകുന്ന മത്സ്യത്തൊഴിലാളികൾക്ക് മണ്ണെണ്ണക്വാട്ട എത്രയാണ്;



LIBRARY ARCHIVES Kerala Legislative Assembly